**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 701** **06-12-2022 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിലെ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കയർ മേഖലയിൽ ജോലി ചെയ്യുന്നവരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കയർ വ്യവസായത്തിന്റെ നിലനിൽപ്പിനും തൊഴിലാളികൾക്ക് ന്യായമായ വേതനം നല്കുന്നതിനുമായി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | (ബി) | കയർ തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചു കൊണ്ട് യന്ത്രവത്ക്കരണം നടപ്പാക്കുക, ചകിരിയുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, ഉല്പന്നരംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക, കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കയർ വ്യവസായത്തിന്റെ നിലനിൽപ്പിനായി ആരംഭിച്ച പദ്ധതി പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെയും കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുല്പന്നങ്ങൾക്കും വിപണി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കയറിന്റെയും കയറുല്പന്നങ്ങളുടെയും അന്താരാഷ്ട്ര പ്രദർശന-വിപണന മേളയായ കയർ കേരള സംഘടിപ്പിക്കുക വഴി ആഭ്യന്തര-വിദേശ വിപണി മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. കയർപിരി യന്ത്രങ്ങൾ സ്ഥാപിച്ച സംഘങ്ങളിൽ തൊഴിലാളികളുടെ ദിവസ വേതനം 500/- രൂപയായി ഉയർത്തിയിട്ടുണ്ട്. കയർ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം വഴിയും ആനുകൂല്യങ്ങൾ നൽകി വരുന്നു. കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | കയർ തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന പുതിയ പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ ഉത്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരം സഹായം നൽകി വരുന്നു. നടപ്പ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 7 കോടി രൂപ അനുവദിച്ചു കഴിഞ്ഞു. കൂടാതെ ചകിരി, കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ വില സ്ഥിരത ഉറപ്പാക്കുന്നതിനുള്ള ക്രയവില സ്ഥിരതാ പദ്ധതി വഴിയും കയർ തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കി വരുന്നു. കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ